**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.821 — 09.08.2017 ന് മറുപടിയ്ക്ക്.

**വന്യമൃഗങ്ങളുടെ ആക്രമണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ് | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ; നിലവിലുള്ള കണക്കുകൾ നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ 37 പേരും, വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് 95 പേരും മരണപ്പെട്ടിട്ടുണ്ട്. |
| (ബി) മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് നല്കിയിട്ടുള്ള നഷ്ടപരിഹാരത്തുകയുടെ വിശദവിവരം നല്കുമോ; | (ബി) മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് നാളിതുവരെ ലഭിച്ച അപേക്ഷ പ്രകാരം 177 ലക്ഷം രൂപ നഷ്ടപരിഹാരം നല്കിയിട്ടുണ്ട്. |
| (സി) ഇതിൽ എത്ര പേർക്ക് ആശ്രിതനിയമനം നല്കിയിട്ടുണ്ട് ; | (സി) സ്ഥിരം തസ്തികയിൽ നാളിതുവരെ ആർക്കും ആശ്രിതനിയമനം നല്കിയിട്ടില്ല. |
| (ഡി) കോങ്ങാട് മണ്ഡലത്തിൽ ഇപ്രകാരം എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദവിവരം നല്കുമോ ? | (ഡി) കോങ്ങോട് മണ്ഡലത്തിൽ പാലക്കാട് ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ 6 പേർ പാമ്പുകടിയേറ്റ് മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 3 പേരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നല്കിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് നടപടിക്രമം പൂർത്തിയാകുന്ന മുറയ്ക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതാണ്. ടി മണ്ഡലത്തിൽ മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ വന്യജീവി ആക്രമണത്തിൽ 1 മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മരിച്ചയാളിന്റെ ആശ്രിതന് നഷ്ടപരിഹാരം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ